# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 314**

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്

കർത്താവിൽ വാത്സല്യമുള്ളവരേ,

ആരാധനകളെ ഭക്തിനിർഭരമാക്കുന്നതിൽ ഗാനങ്ങൾക്ക് വലിയ പ്രാധാന്യം ഉണ്ട്. സംഗീതപുഷ്ടമായ നമ്മുടെ ആരാധന മനോഹരമാക്കുന്നതിൽ ഗായകസംഘം പ്രധാന പങ്കു വഹിക്കുന്നു. മെയ് മാസം 27-ാം തീയതി ഞായറാഴ്ച ദിവ്യസംഗീത ഞായറായി ആചരിക്കുകയാണ്. നമ്മുടെ ഇടവകകളിലെ ഗായക സംഘത്തെയും അവരുടെ ശുശ്രൂഷകളെയും ഓർത്തു പ്രാർത്ഥിക്കുന്നതിനും ഗായകസംഘ അംഗങ്ങളുടെ സമർപ്പണത്തിനുമായി ഈ ദിനം വേർതിരിച്ചിരിക്കുന്നു. അന്നത്തെ സ്തോത്രകാഴ്ച ഡി.എസ്.എം.സി യ്ക്കായി വേർതിരിച്ചിരിക്കുന്നു.

1969 ലാണ് നമ്മുടെ സഭയിൽ ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ്മ്യൂസിക് ആൻഡ് കമ്മ്യൂണിക്കേഷൻസ് എന്ന സംഗീതവിഭാഗം ആരംഭിച്ചത്. ഇടവക തലത്തിൽ ഗായകസംഘത്തിന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും ചിട്ടയായി അഭ്യസനം നടത്തുന്നതിനും ശബ്ദപരിശോധനയിലൂടെ ഗായകസംഘത്തെ തിരഞ്ഞെടുക്കുന്നതിലും ഡി.എസ്.എം.സി വഹിക്കുന്ന പങ്കു ശ്ലാഘനീയമാണ്. ഒരുമിച്ചുള്ള നമ്മുടെ ഗാനാലാപനം നമ്മുടെ സാക്ഷ്യമാണ്. വ്യത്യസ്തമായ നമ്മുടെ ശബ്ദം ഒന്നായിതീരുന്ന അനുഭവമാണ് നമ്മുടെ ഗാനാലാപനം. ഒന്നുമില്ലായ്മയുടെ അനുഭവത്തിലും നമ്മുടെ തലമുറ ദൈവത്തെ പാടി സ്തുതിച്ച നല്ല പാരമ്പര്യം നാം മറക്കരുത്.

കഷ്ടതയിലും പാടുവാൻ നഷ്ടം അതിൽ കൊണ്ടാടുവാൻ
ശക്തി അരുൾക നാഥനെ ഭക്തിയിൽ പൂർണ്ണൻ ആക്കുക

എന്ന വരികൾ എതനുഭത്തിലും നമുക്ക് പ്രത്യാശ നൽകുന്നു.

ഇടവക ഗായകസംഘങ്ങൾ ഡി.എസ്.എം.സി.യിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്ത ഗായകസംഘങ്ങൾക്കു ഇടവക കൈസ്ഥാനസമിതിയിൽ പ്രാതിനിധ്യം ലഭിക്കുന്നതല്ല. അഞ്ചുവർഷത്തിലൊരിക്കൽ ഗായകസംഘം ഡി.എസ്.എം.സി. ഭരണഘടനാപ്രകാരം ശബ്ദപരിശോധന നടത്തിയിരിക്കണം. നിലവിലുള്ള അംഗങ്ങൾക്കും പുതിയതായി ഗായകസംഘത്തിൽ പ്രവേശിക്കാൻ താൽപര്യപ്പെടുന്നവർക്കും ഈ ശബ്ദപരിശോധന ബാധകമാണ്.

വിവാഹകൂദാശകളിൽ ഇടവകഗായകസംഘം പാടുന്നത് അഭികാമ്യമാണ്. പരസ്യാരാധനക്രമത്തിലെ ഗീതങ്ങളും ശുശ്രൂഷക്രമത്തിലെ ഗീതങ്ങളും സ്റ്റാഫ് നൊട്ടേഷനിൽ ലഭ്യമാണ്. ക്രിസ്തീയകീർത്തനങ്ങൾ മ്യൂസിക് എഡിഷൻ പുതിയ 77 പാട്ടുകൾ ഉൾപ്പെടുത്തിയ മൂന്നാം പതിപ്പ് ഉടൻ ലഭിക്കുന്നതാണ്. ഡി.എസ്.എം.സി പ്രസിദ്ധീകരിക്കുന്ന സി.ഡി.കൾ വാങ്ങി നമ്മുടെ സംഗീതവിഭാഗത്തെ പ്രോത്സാഹിപ്പിക്കുക.

ഡി.എസ്.എം.സി ഡയറക്ടർ ആയി കഴിഞ്ഞ 7 വർഷം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച റവ. ജോൺ മത്തായി സ്ഥലംമാറിയ ഒഴിവിൽ റവ. ആശിഷ് തോമസ് ജോർജ് മെയ്മാസം 1 മുതൽ ചാർജ് എടുത്തിരിക്കുന്നു.

ജീവിക്കുവാൻ ആയുസ്സും പാടുവാൻ ഗാനവും സ്വരമാധുര്യവും നൽകിയ ദൈവത്തെ ഗാനങ്ങളിലൂടെ കീർത്തിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ'.

കൃപ നിങ്ങളോടേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് ക്രിസ്താബ്ദം 2018 മെയ്മാസം 1-ാം തീയതി തിരുവല്ല പൂലാത്തീനിൽ നിന്നും

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**